**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 238** **22-07-2021 - ൽ മറുപടിയ്ക്ക്**

**മാലിന്യത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി മുഖേന എത്ര യൂണിറ്റ് വൈദ്യുതി സംസ്ഥാനത്ത് ലഭ്യമാകുമെന്ന് അറിയിക്കുമോ; | (എ) | മാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ കേരളത്തിൽ പ്രാരംഭദശയിലാണ്. ഇതിനായി KSIDC യെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ നിർമ്മാണം KSIDC ടെണ്ടർ നടത്തി കണ്ടെത്തുന്ന കൺസഷണർ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ നടത്തുന്നതിനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 5 മെഗാവാട്ട് ശേഷിയുള്ള ഇത്തരം നിലയങ്ങൾ സ്ഥാപിക്കാനാണ് സർക്കാർ പദ്ധതിയിട്ടിരിക്കുന്നത്. ഈ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ ഉൽപാദനം, പദ്ധതി സ്ഥാപിക്കുന്ന പ്രദേശത്തു ലഭ്യമാകുന്ന മാലിന്യത്തിന്റെ അളവിനെയും പ്ലാന്റിന്റെ അവൈലബിലിറ്റി ഫാക്ടർ - നെയും ആശ്രയിച്ചിരിക്കുന്നു. പ്രസ്തുത വിവരങ്ങൾ ലഭ്യമായെങ്കിൽ മാത്രമേ ടി നിലയങ്ങളിൽ നിന്ന് എത്ര വൈദ്യുതി ഉൽപാദിപ്പിക്കാൻ സാധിക്കുമെന്ന് കണക്കാക്കാൻ പറ്റുകയുള്ളു. കോഴിക്കോട് ജില്ലയിലെ ഞെളിയംപറമ്പ് കേന്ദ്രമാക്കി മലബാർ വേസ്റ്റ് മാനേജ്മെന്റ് ലിമിറ്റഡ് എന്ന സ്ഥാപനം മാലിന്യത്തിൽ നിന്നും 6 മെഗാവാട്ട് വൈദ്യുതി ഉണ്ടാക്കുന്ന ഒരു വൈദ്യുതി നിലയം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിൽ ലഭ്യമാകുന്ന വൈദ്യുതിയെ അപേക്ഷിച്ച് ലാഭകരമായി ഈ പദ്ധതി പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമോ എന്നറിയിക്കുമോ; | (ബി) | മാലിന്യത്തിൽ നിന്നുള്ള വൈദ്യുതിയുടെ വില നിലവിൽ ലഭ്യമാകുന്ന വൈദ്യുതിയുടെ വിലയേക്കാൾ കൂടുതലാകാനാണ് സാധ്യത. ഇത്തരം പദ്ധതികൾ പ്രവർത്തനക്ഷമമായാൽ മാത്രമേ ഇവ ലാഭകരമായി പ്രവർത്തിക്കാൻ കഴിയുമോ എന്ന് വിലയിരുത്താനാകൂ. |

| | | | |
|---|---|---|---|
| (സി) | മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നതിലേക്കായി സംസ്ഥാനത്ത് ഇത്തരം കൂടുതൽ പദ്ധതികൾക്ക് ഊർജ്ജ വകുപ്പ് മുൻകൈ എടുക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | മാലിന്യ നിർമാർജ്ജനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന നിലയങ്ങൾ നിർമ്മിക്കുന്നതിന് 11.06.2018 ലെ G.O.(Ms) No.82/2018/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഇതിൻ പ്രകാരം ഇത്തരം നിലയങ്ങളിൽ നിന്നുമുള്ള മുഴുവൻ വൈദ്യുതിയും കേരള സംസ്ഥാന റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാലിന്യത്തെ ബയോഗ്യാസ് ആക്കി മാറ്റുന്നതിനും അതിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ചെറുകിട പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതി അനെർട്ട് മുഖേനയും നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ